**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 946** — **30-06-2022 - ൽ മറുപടിയ്ക്ക്**

**കരിമ്പുഴ വന്യജീവി സങ്കേതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ** | | **ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | കരിമ്പുഴ വന്യജീവി സങ്കേതം വിജ്ഞാപനം ചെയ്തത് എന്നാണെന്നും ഇതിനായുള്ള പ്രാരംഭ നടപടികൾ ഏതുവർഷത്തിലാണ് ആരംഭിച്ചതെന്നും അറിയിക്കാമോ; വിജ്ഞാപനത്തിന്റെ പകർപ്പ് നൽകാമോ ; | (എ) | കരിമ്പുഴ വന്യജീവിസങ്കേതം വിജ്ഞാപനം ചെയ്തത് സർക്കാർ ഉത്തരവ് (പി) നമ്പർ 09/2019/വനം തിരുവനന്തപുരം തീയതി 17.08.2019 പ്രകാരമാണ്. പ്രാരംഭ നടപടികൾ ആരംഭിച്ചത് 02.01.2011 ലെ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗത്തിലാണ്. വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധം ആയി ചേർത്തിരിക്കുന്നു. |
| (ബി) | ഏതെല്ലാം ഭൂപ്രദേശങ്ങളാണ് കരിമ്പുഴ വന്യജീവി സങ്കേതത്തിൽ ഉൾപ്പെടുന്നതെന്നും എത്ര വിസ്തീർണ്ണമാണ് ഈ സങ്കേതത്തിനുള്ളതെന്നും വ്യക്തമാക്കാമോ; വനത്തിനുള്ളിലെ ജനവാസ മേഖല പ്രദേശങ്ങൾ വന്യജീവി സങ്കേതത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; കരിമ്പുഴ വന്യജീവി സങ്കേതത്തിന്റെ അതിർത്തികൾ ജനവാസമേഖലകളിൽ നിന്നും എത്ര അകലെയാണുള്ളതെന്നും അറിയിക്കാമോ; സുപ്രീംകോടതി വിധി പ്രകാരമുള്ള ഒരു കിലോമീറ്റർ ബഫർ സോൺ ജനവാസ മേഖലകളെ ബാധിക്കുന്നതാണോയെന്നും അറിയിക്കാമോ; | (ബി) | മലപ്പുറം ജില്ലയിലെ കരുളായി, മൂത്തേടം, അമരമ്പലം വില്ലേജുകളിലെ ന്യൂ അമരമ്പലം റിസർവ്വ് ഫോറസ്റ്റ്, വടക്കേകോട്ട മലവാരം വെസ്റ്റഡ് ഫോറസ്റ്റ് എന്നിവയിലുൾപ്പെട്ട 227.97 ച.കി.മീറ്റർ വനപ്രദേശം ജനവാസ മേഖലയായ ചോലനായ്ക്കർ താമസിക്കുന്ന 2.50 ഹെക്ടർ (0.025 ച.കി.മീറ്റർ) വരുന്ന മാഞ്ചീരി കോളനി ഒഴിവാക്കിയിട്ടുണ്ട്. കരിമ്പുഴ വന്യജീവി സങ്കേതത്തിന്റെ അതിർത്തികൾ ജനവാസമേഖലയിൽ നിന്നും 1 കി.മീറ്റർ മുതൽ 10 കി.മീറ്റർ വരെ അകലെയാണ് സ്ഥിതി ചെയ്യുന്നത്. ബഹു. സുപ്രീം കോടതിയുടെ വിധി പ്രകാരമുള്ള 1 കി.മീറ്റർ ബഫർസോൺ ജനവാസമേഖലകളെ ബാധിക്കില്ല. |
| (സി) | വന്യജീവി സങ്കേത പ്രഖ്യാപനത്തിന് കേ ന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമുണ്ടോ; കരിമ്പുഴ വന്യജീവി സങ്കേതത്തിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; കേന്ദ്ര അനുമതിക്കായി എന്നാണ് പദ്ധതി സമർപ്പിച്ചതെന്ന് അറിയിക്കാമോ; പ്രൊപ്പോസലിന്റെ പകർപ്പ് നൽകാമോ ; | (സി) | 972ലെ വന്യജീവി (സംരക്ഷണ) ആക്ടിന് (1972ലെ 53ാം കേന്ദ്ര ആക്ട്) കീഴിൽ വന്യജീവി സങ്കേതം രൂപീകരിക്കുന്നതിന് സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ചാണ്, സംസ്ഥാന സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. |
| (ഡി) | നിലവിലെ നിലമ്പൂർ എം. എൽ. എ. യുടെ കത്തോ ശിപാർശയോ നിർദ്ദേശങ്ങളടങ്ങിയ കുറിപ്പോ കരിമ്പുഴ വന്യജീവി സങ്കേതം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് | (ഡി) | നിലവിലെ എം.എൽ.എ.യുടെ പേരിൽ ശിപാർശയോ, കത്തോ കരിമ്പുഴ വന്യജീവി സങ്കേതം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടില്ല. 1972-ലെ |

| | | | |
|---|---|---|---|
| | നൽകാമോ; ജനപ്രതിനിധികളുടെ ശിപാർശകളിലാണോ സാധാരണ നിലയിൽ വന്യജീവി സങ്കേതങ്ങൾ യാഥാർത്ഥ്യമാക്കാറുള്ളതെന്നും വ്യക്തമാക്കാമോ; | | വന്യജീവി (സംരക്ഷണ) ആക്ടിന്റെ (1972 ലെ 53-ാം കേന്ദ്ര ആക്ട്) 26 എ വകുപ്പ് (1)-ാം ഉപ വകുപ്പ് (ബി) ഖണ്ഡം പ്രകാരം നൽകപ്പെട്ട അധികാരം ഉപയോഗിച്ച് 2006-ലെ പട്ടിക ഗോത്ര വർഗ്ഗങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) ആക്ട് (2007 ലെ 2 ാം ആക്ട് പ്രകാരം അവകാശങ്ങൾ സംരക്ഷിക്കപ്പെട്ടിട്ടുള്ള ചോലനായ്ക്കൻമാർ താമസിക്കുന്ന 2.50 ഹെക്ടർ (0.025ച.കി.മീ) വരുന്ന മാഞ്ചീരി കോളനി ഒഴികെയുള്ള പ്രസ്തുത 227.97ച.കി.മീ. സ്ഥലം 'കരിമ്പുഴ വന്യജീവി സങ്കേത' മെന്ന പേരിലുള്ള വന്യജീവി സങ്കേതമായി കേരള സർക്കാർ ഇതിനാൽ പ്രഖ്യാപിച്ചിട്ടുണ്ട്. വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധം ആയി ചേർത്തിരിക്കുന്നു. |
| (ഇ) | കരിമ്പുഴ വന്യജീവി സങ്കേതം ആരംഭിക്കുന്നതിനായി നിർദ്ദേശങ്ങൾ സമർപ്പിച്ചത് ആരാണെന്നും ആയത് വനംവകുപ്പ് ഉദ്യോഗസ്ഥരാണോയെന്നും അറിയിക്കാമോ; ഇതിനായുള്ള നടപടിക്രമങ്ങളും അറിയിക്കാമോ? | (ഇ) | 30.10.2011-ന് ബഹു. കേരള മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന വന്യജീവി ബോർഡിന്റെ യോഗത്തിലെ 10-ാം നമ്പർ അജണ്ടയിൽ എടുത്ത തീരുമാന പ്രകാരമാണ് അംഗീകാരം ലഭിച്ചത്. |

സെക്ഷൻ ഓഫീസർ

©
കേരള സർക്കാർ
Government of Kerala
2019

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2019 ഡിസംബർ 12<br>12th December 2019<br>1195 വൃശ്ചികം 26<br>26th Vrishchikam 1195<br>1941 അഗ്രഹായനം 21<br>21st Agrahayana 1941 | നമ്പർ<br>No. | 3078 |

### കേരള സർക്കാർ
### വനം വന്യജീവി (ഡി) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (പി) നമ്പർ 9/2019/വനം

*തിരുവനന്തപുരം, 2019 ആഗസ്റ്റ് 17*
*1194 കർക്കിടകം, 16*
*1941 ശ്രാവണം, 26.*

**എസ്. ആർ. ഒ. നമ്പർ 973/2019**

താഴെ പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ള അതിർത്തികൾക്കുള്ളിലുള്ള സ്ഥലങ്ങൾ മതിയായ പാരിസ്ഥിതികവും സസ്യജന്തുജാലവും ഭൗമോപരിതലവും പ്രകൃതിദത്തവുമായ പ്രാധാന്യമുള്ളവയാണെന്ന് കേരള സർക്കാർ കരുതുന്നതിനാലും;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രസ്തുത പ്രദേശത്തിന്റെ മുഴുവൻ ജൈവവൈവിദ്ധ്യത്തിന്റെയും ദീർഘകാല സംരക്ഷണം ഉറപ്പു വരുത്തുന്നതിന് പ്രസ്തുത പ്രദേശം ഒരു വന്യജീവി സങ്കേതമായി രൂപീകരിക്കണമെന്ന് കേരള സർക്കാർ കരുതുന്നതിനാലും;

ഇപ്പോൾ, അതിനാൽ, 1972-ലെ വന്യജീവി (സംരക്ഷണ) ആക്ടിന്റെ (1972-ലെ 53-ാം കേന്ദ്ര ആക്ട്) 26എ വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം പ്രകാരം നൽകപ്പെട്ട അധികാരം ഉപയോഗിച്ച് 2006-ലെ പട്ടിക ഗോത്രവർഗ്ഗങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) ആക്ട് (2007-ലെ 2-ാം ആക്ട്) പ്രകാരം അവകാശങ്ങൾ സംരക്ഷിക്കപ്പെട്ടിട്ടുള്ള ചോലനായ്ക്കൻമാർ താമസിക്കുന്ന 2.50 ഹെക്ടർ (0.025 ച.കി.മീ.) വരുന്ന മാഞ്ചീരി കോളനി ഒഴികെയുള്ള പ്രസ്തുത 227.97 ച.കി.മീ. സ്ഥലം "കരിമ്പുഴ വന്യജീവി സങ്കേത"മെന്ന പേരിലുള്ള വന്യജീവി സങ്കേതമായി കേരള സർക്കാർ ഇതിനാൽ പ്രഖ്യാപിക്കുന്നു.

## പട്ടിക

| | | |
|---|---|---|
| ജില്ല | .. | മലപ്പുറം |
| താലൂക്ക് | .. | നിലമ്പൂർ |
| വില്ലേജ് | .. | കരുളായി, മൂത്തേടം, അമരമ്പലം |
| വനം | .. | ന്യൂ അമരമ്പലം സംരക്ഷിത വനം |
| | | വടക്കേകോട്ട മലവാരം നിക്ഷിപ്തവനം |
| | | (വില്ലേജ് ഫോറസ്റ്റ് കമ്മിറ്റി ഇനം നമ്പർ 9) |
| വിസ്തീർണ്ണം | .. | 227.97 ച. കി. മീ. |

(ന്യൂ അമരമ്പലം സംരക്ഷിത വനത്തിൽ വരുന്ന എല്ലാ തേക്കുംതോട്ടങ്ങളും, 2.50 ഹെക്ടർ മാഞ്ചീരി ആദിവാസി കോളനിയും ഒഴിവാക്കിയിരിക്കുന്നു.)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**അതിർത്തികൾക്കുള്ളിലുള്ള സ്ഥലങ്ങൾ**

*വടക്ക്*—കോരമ്പുഴയും പുന്നപ്പുഴയും തമ്മിൽ ചേരുന്ന സ്ഥലത്തുനിന്ന് കോരമ്പുഴയുടെ ഇടതുകരയിൽ കൂടി കിഴക്ക് ഭാഗത്തുകൂടി വാപ്പ്ഷെയർ പീക്ക് വരെയും തുടർന്ന് കേരളം-തമിഴ്നാട് അന്തർ സംസ്ഥാന അതിർത്തിയിൽ (നീലഗിരിയുടെയും മലപ്പുറം ജില്ലയുടെയും അതിർത്തി) കൂടി മുക്കുറുത്തി പീക്ക് വരെയും.

*കിഴക്ക്*—അവിടെനിന്നും തെക്കോട്ട് കേരള-തമിഴ്നാട് അന്തർ സംസ്ഥാന അതിർത്തിയിൽ കൂടി നാടുകാണി പീക്ക് വരെയും തുടർന്ന് വീണ്ടും തെക്ക് ഭാഗത്തേക്ക് ഒഴുകി അന്തർ സംസ്ഥാന അതിര് കോട്ടപ്പുഴയിൽ ചേരുന്നിടം വരെയും.

*തെക്ക്*—അവിടെനിന്നും പടിഞ്ഞാറേ ഭാഗത്തുകൂടി കോട്ടപ്പുഴയുടെ ഇടതുകരയിൽ കൂടി താഴോട്ടും കോട്ടപ്പുഴയിൽ ചെറിയച്ചൻ തോട് ചേരുന്ന ഇടം വരെയും.

*പടിഞ്ഞാറ്*—അവിടെനിന്നും വടക്കുഭാഗത്തുകൂടി ചെറിയച്ചൻ തോടിന്റെ ഇടതുകരയിൽ കൂടി മുകളിലേക്ക് സഞ്ചരിച്ച് 1265 മീറ്റർ ഉയരമുള്ള കുന്നിൽ എത്തി അവിടെനിന്നും കുന്നിന്റെ മുകളിൽ കൂടി സഞ്ചരിച്ച് ചെറുപുഴ മുറിച്ചുകടന്ന് കുന്നിൻ മുകളിലൂടെ വടക്കുകിഴക്കൻ ഭാഗത്തുകൂടെ ഏകദേശം 2.50 കി. മീറ്റർ സഞ്ചരിച്ച് ഉടനല്ലതോട് ഉത്ഭവിക്കുന്ന വലിയാനകുട്ടിമല പീക്കുവരെയും അവിടെനിന്നു ഉടനല്ല തോടിന്റെ ഇടതുകരയിൽ കൂടി ഉടനല്ലതോട് കാരിപുഴയിൽ ചേരുന്ന ഇടം വരെയും, അവിടെനിന്നും പടിഞ്ഞാറു ഭാഗത്തുകൂടി കാരിപുഴയുടെ ഇടതുകരയിൽ കൂടി ഏകദേശം 1.50 കി. മീറ്റർ സഞ്ചരിച്ച് കാരിപ്പുഴ ചെറുപുഴയിൽ ചേരുന്ന സായ് വിളവരെയും അവിടെനിന്ന് വടക്കുകിഴക്ക് ഭാഗത്തുകൂടി തേക്കുതോട്ടത്തിന്റെയും പ്രകൃതിദത്ത വനത്തിന്റെയും അതിരിൽ കൂടി തേക്കുതോട്ടത്തിന്റെ അതിര് കരിമ്പുഴയിൽ ചേരുന്നിടം വരെയും അവിടെനിന്ന് കരിമ്പുഴയുടെ ഇടതുകരയിൽ കൂടി താഴോട്ട് താളിപ്പുഴയും കരിമ്പുഴയും ചേരുന്ന ഇടം വരെയും അവിടെനിന്നും താളിപ്പുഴയുടെ ഇടതുകരയിൽ കൂടി മുകളിലേക്ക് ഏകദേശം 1.50 കി. മീറ്റർ സഞ്ചരിച്ച് തേക്കു തോട്ടത്തിന്റെ അതിര് താളിപ്പുഴയിൽ നിന്നും വിട്ടുമാറുന്ന ഇടം വരെയും അവിടെനിന്നും തേക്കുതോട്ടങ്ങളുടെ കിഴക്കു ഭാഗത്തുകൂടെ വടക്കോട്ട് കോരമ്പുഴ പുന്നപ്പുഴയിൽ ചേരുന്ന ഇടം വരെയും.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

സത്യജിത്ത് രാജൻ,

*അഡീഷണൽ ചീഫ് സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണകുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്).

നീലഗിരി ബയോസ്ഫിയർ റിസർവ്വിൽ വരുന്നതായ 227.97 ച. കി. മീ. വിസ്തൃതിയുള്ള ന്യൂ അമരമ്പലം റിസർവ്വ് ഫോറസ്റ്റും, വടക്കേകോട്ട മലവാരം നിക്ഷിപ്തവനവും, സസ്യജാലങ്ങളുടെ പ്രത്യേക രീതിയിലുള്ള സമ്മേളനത്താൽ പശ്ചിമഘട്ടത്തിലെ ശ്രദ്ധിക്കപ്പെടുന്ന ഒരു ഭൂഭാഗമാണ്. അപൂർവ്വവും പ്രത്യേക രീതിയിലുള്ളതുമായ സസ്യജാലങ്ങളുടെ സമ്മിശ്രണം ഈ പ്രദേശത്തെ ദീർഘകാല സംരക്ഷണത്തിന് പരിഗണിക്കുന്ന സ്ഥലങ്ങളിൽ ഒന്നാക്കുന്നു. നീലഗിരി മലകളുടെ പ്രകൃതിയാലുള്ള പശ്ചിമവ്യാപനം എന്ന നിലയ്ക്ക് മടക്ക് പർവ്വതങ്ങളും അഗാധ താഴ്വരകളും പരുക്കൻ ഭൂപ്രദേശവും ഈ പ്രത്യേക ഭൂപ്രദേശത്തെ തെന്നിന്ത്യയിലുള്ള പ്രധാന സസ്യജാലങ്ങളുടെ സമ്മേളനം നൽകുന്ന ഭൂഭാഗമാക്കുന്നു. 40 മീറ്ററിൽ നിന്നും 2554 മീറ്ററിലേക്ക്, താഴ്വരയിൽ നിന്നും ഉയരത്തിലേക്കുള്ള കുത്തനെയുള്ള ചരിവ് ഈ പ്രദേശത്തിന്റെ മറ്റൊരു പ്രത്യേകതയാണ്. അത് പക്ഷിമൃഗാദികൾക്കുള്ള വാസസ്ഥലമാകാൻ സർവ്വഥാ യോഗ്യമാണ്.

ഈ കാടുകൾ പശ്ചിമഘട്ടത്തിൽ പ്രത്യേകമായി കാണുന്ന പക്ഷികൾ, ചിത്രശലഭങ്ങൾ, ഉരഗങ്ങൾ, സസ്തനികൾ മുതലായവയ്ക്ക് അഭയമാണ്. സമീപകാലത്ത് നടന്ന പഠനങ്ങളും ദീർഘകാല സംരക്ഷണം ആവശ്യമായ ഈ അപൂർവ്വ പ്രദേശത്തിന്റെ ജൈവവൈവിദ്ധ്യ പ്രാധാന്യം വെളിപ്പെടുത്തുന്നു. മേൽപ്പറഞ്ഞ പാരിസ്ഥിതികവും സസ്യജന്തുജാലവും ഭൗമോപരിതലവും പ്രകൃതിദത്തവുമായ പ്രാധാന്യം കണക്കിലെടുത്ത് 227.97 ച. കി. മീ. സ്ഥലം 1972-ലെ വന്യജീവി (സംരക്ഷണം) ആക്റ്റിൻ (1972-ലെ 53-ാം കേന്ദ്ര ആക്റ്റ്) കീഴിൽ ഒരു വന്യജീവി സങ്കേതമായി രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ന്യൂ അമരമ്പലം റിസർവ്വിന്റെ വനാന്തർഭാഗത്ത് മാഞ്ചീരി ആദിവാസി കോളനിയിൽ 52 കുടുംബങ്ങളിലായി താമസിക്കുന്ന ഏഷ്യയിലെ തന്നെ അതിപുരാതന ഗോത്രവർഗ്ഗമെന്ന് അറിയപ്പെടുന്ന ചോലനായ്ക്കന്മാരുടെ കൈവശത്തിലുള്ള 2.50 ഹെക്ടർ ഭൂമി വന്യജീവി സങ്കേതത്തിൽ നിന്നും ഒഴിവാക്കുന്നതിനും പ്രസ്തുത സ്ഥലത്തിന്മേൽ 2006-ലെ പട്ടിക ഗോത്ര വർഗ്ഗങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ ആക്ട്) (2007-ലെ 2-ാം കേന്ദ്ര ആക്ട്) പ്രകാരമുള്ള അവകാശങ്ങൾ വിനിയോഗിക്കുന്നതിന് അവരെ അനുവദിക്കുന്നതിനും കൂടി തീരുമാനിച്ചു.

മേൽ പറഞ്ഞ ആവശ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

G.O. (P) No. 9/2019/F&WLD    *Dated, Thiruvananthapuram,*    *17th August, 2019*
*16th Karkkidakam, 1194*
*26th Sravana, 1941.*

**S. R. O. No. 973/2019**

WHEREAS, the Government of Kerala consider that the area, situation and the limits of which are specified in the Schedule below, is of adequate ecological, floral and faunal, geo-morphological and natural significance;

AND WHEREAS, it appears to the Government of Kerala that the said area is needed to be constituted as a Wildlife Sanctuary for ensuring long term protection of the entire biodiversity of the area;

NOW, THEREFORE, in exercise of the powers conferred by clause (b) of sub-section (1)(b) of section 26A of the Wildlife (Protection) Act, 1972 (Central Act 53 of 1972), the Government of Kerala hereby declare that the said area of 227.97 $km^2$ except Mancheeri colony comprising of 2.50 Ha (0.025 $km^2$) where the Cholanaikans reside whose rights are protected under the Scheduled Tribes and Other Forest Dwellers (Recognition of Forest Rights) Act, 2006 (Central Act 2 of 2007) as a Wildlife Sanctuary to be known as "Karimpuzha Wildlife Sanctuary".

SCHEDULE

| | | |
|---|---|---|
| District | .. | Malappuram |
| Taluk | .. | Nilambur |
| Villages | .. | Karulai, Moothedam and Amarambalam |
| Name of Forests | .. | New Amarambalam Reserve Vadakkekotta Malavaram, Village Forest Committee item No. 9 |
| Extent of area | .. | 227.97 $km^2$ |

(Except all teak plantations in the New Amarambalam Reserve Forest and Mancheeri tribal hamlet 2.50 Ha.)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**Situations and limits**

*North*—Starting from the point where the Korampuzha confluence with Punnapuzha and runs along the Korampuzha along the left bank towards eastern side and reaches Wapshare peak, then runs along the interstate boundary of Tamil Nadu and Kerala (Nilgiri and Malappuram District boundary) and reaches Mukkuruthy peak.

*East*—Thence towards southern side and reaches the Nadukani peak, along interstate boundary of Kerala & Tamil Nadu. Thence runs again towards the southern side and reaches the point where the interstate boundary touches Kottapuzha.

*South*—Thence towards western side along the left bank of Kottapuzha downstream side and the confluence point of Cheriachanthodu with Kottapuzha.

*West*—Thence towards Northern side along the left bank of Cheriachanthodu towards upstream side and reaches the peak at a height of 1265m and runs along the ridge and crosses Cherupuzha and runs along the ridge towards north eastern side about 2.50 km and meets the peak of Valiyanakuttymala, where Udanallathodu originates. Thence along the left bank of Udanallathodu and up to the point where Udanallthodu confluence with Karimpuzha. Thence towards the western side along the left bank of Karipuzha up to the point where Karimpuzha confluence with Cherupuzha at Saivila at distance about 1.50 km. Thence towards the north eastern side along with boundary of teak plantation and natural forest and reaches the point where the teak plantations boundary meets Karimpuzha. Thence along the left bank of Karimpuzha towards downstream side and to the point where Thalippuzha confluence with Karimpuzha. Thence along the left bank of Thalippuzha towards the upstream side about 1.50 km, the point where teak plantation boundary divert from Thalippuzha. Thence towards north along the eastern side of teak plantations up to the point where Korampuzha confluence with Punnappuzha.

By order of the Governor,

SATYAJEET RAJAN,
*Additional Chief Secretary to Government.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

Located in Nilgiri Biosphere Reserve, the New Amarambalam Reserve Forests and Vadakkekottamala Vested Forest with an area of 227.97 $km^2$ .is part of areas in the Western Ghats of Northern Kerala noted for its unique assemblage of floristic and faunal elements. The rare and endemic blending of many interesting floral elements makes this area one among the most potential area to be considered for the long term conservation. The unique geographic location and the rugged terrain with folds of hills and deep valleys, as natural westward extension of the Nilgiri hills makes it a pristine landscape dotted with all major vegetation types of Southern India. The sharp altitudinal gradient from 40m in the foot hills to 2554m at the crests is another peculiarity of the area which provides myriads of habitats for the flora and fauna.

These forests harbour different kinds of birds, butterflies, reptiles, mammals etc., especially endemic to Western Ghats. The recent studies also reveal the importance of biodiversity of this unique area which need long term conservation. Considering the above mentioned ecological, floral and faunal, geo-morphological and natural significance, Government have decided to constitute the area of 227.97 $km^2$ as a Wildlife Sanctuary under the Wildlife (Protection) Act, 1972 (Central Act 53 of 1972). It is also decided to exclude the 2.5 Ha. of forest land occupied by 52 families of Cholanaikkans, a very primitive race in Asia who reside in New Amarambalam Reserve at Mancheeri in the interior forest, from the wildlife sanctuary notification and allow them to exercise all right as provided in the Scheduled Tribes and Other Forest Dwellers (Recognition of Forest Rights) Act, 2006 (Central Act 2 of 2007) on the said area.

This notification is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2019

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by SHEELA
Date:2019.12.12 03:34:27 -